"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് – കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാരുടെ 01.04.2011 മുതലുള്ള ശമ്പള പരിഷ്കരണത്തിൻമേലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് 01.01.2018 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

**സ.ഉ.(കൈ) നം.110/2022/ID തീയതി,തിരുവനന്തപുരം, 29-10-2022**

---

പരാമർശം:- 1. 05.10.2020ലെ സ.ഉ(കൈ) നം.84/2020/വ്യവ ഉത്തരവ്

2. കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 21.01.2021 ലെ MD/Officers pay revision/1108/2020-21, 01.09.2021 ലെ MD/PRO/605/2021-22, 28.01.2022 ലെ MD/OPC/CO6/2021-22 എന്നീ നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാരുടെ 01.04.2011 മുതലുള്ള ശമ്പള പരിഷ്കരണം അനുവദിച്ചുകൊണ്ടുള്ള പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ ശമ്പള പരിഷ്കരണത്തിൻമേലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉത്തരവ് തീയതിയായ 05.10.2020 മുതലാണ് പ്രാബല്യം അനുവദിച്ച് നൽകിയിരുന്നത്.

2. കേരള സിറാമിക്സ് ലിമിറ്റഡിലെ സ്റ്റാഫ് & വർക്കർ വിഭാഗം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിച്ചപ്പോൾ 01.04.2011 മുതൽ പ്രാബല്യം നൽകിയിരുന്നതും ഓഫീസർമാരുടെ ശമ്പള പരിഷ്കരണം 2016 ഏപ്രിൽ ഒന്ന് മുതൽ കുടിശ്ശികയായിരുന്നതും എന്നാൽ ഓഫീസർമാർക്ക് ഉത്തരവ് തീയതി മുതലാണ് പ്രാബല്യം നൽകിയിരുന്നത്.ആകയാൽ കമ്പനി പ്രവർത്തന ലാഭം കൈവരിച്ച 01/01/2018 മുതലെങ്കിലും ഓഫീസർമാരുടെ ശമ്പള പരിഷ്കരണത്തിന് മുൻകാല പ്രാബല്യം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. വളരെ പരിമിതമായ മാനവ വിഭവശേഷി ഉപയോഗിച്ച് പ്രവർത്തിക്കുന്ന കേരള സിറാമിക്സ് ലിമിറ്റഡ് കമ്പനിയിൽ 8 ജീവനക്കാരാണ് ഓഫീസർ വിഭാഗത്തിലുള്ളത്. കമ്പനിയിലെ വർക്കർ & സ്റ്റാഫ് വിഭാഗം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിച്ചപ്പോൾ 01.04.2011 മുതൽ പ്രാബല്യം നൽകിയിരുന്നു. എന്നാൽ ഓഫീസർ വിഭാഗം ജീവനക്കാർക്ക് പ്രസ്തുത കാലയളവിലെ ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾക്ക് ഉത്തരവ് പുറപ്പെടുവിച്ച തീയതിയായ 05.10.2020 മുതലാണ് പ്രാബല്യം നിശ്ചയിച്ചത്. ഒരേ കമ്പനിയിലെ രണ്ട് വിഭാഗം ജീവനക്കാർക്ക് വ്യത്യസ്ത തീയതികളിലായി സാമ്പത്തിക ആനുകൂല്യം അനുവദിച്ചത് പരിഹരിക്കപ്പെടേണ്ടതുണ്ട്. 2018 ജനുവരി മുതൽ കമ്പനി പ്രവർത്തന ലാഭത്തിലുമാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെയടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാർക്ക് അനുവദിച്ചിരുന്ന ശമ്പള

പരിഷ്കരണത്തിൻമേലുള്ള സാമ്പത്തിക ആനുകൂല്യത്തിന് 01.01.2018 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മേൽ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് തുടർന്നും നിലനിൽക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എ പി എം മുഹമ്മദ് ഹനീഷ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്സ്.എസ്സ്.എ)/(ഇ & ആർ.എസ്സ്.എ)
കേരള, തിരുവനന്തപുരം.
സെക്രട്ടറി, റിയാബ്, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (29.11.2021 ലെ PLGEA-BPE1/157/2018-PLGEA ഫയൽ പ്രകാരം)
ധനകാര്യ വകുപ്പ് (16.06.2022 ലെ പി.യു-ഡി2/19/2016-ഫിൻ ഫയൽ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (..................ലെ ഇനം നം........................ പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവരപൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by AJITHKUMAR A**
**Date: 29-10-2022 14:55:30**

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്
2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (II) യുടെ പി.എ
3. വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-10-2022

ഫയൽ നം. വ്യവ-എച്ച്2/257/2021/വ്യവ. ഇനം നം: 1115

വിഷയം : വ്യവസായ വകുപ്പ് - കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണത്തിന് 01.01.2018 മുതൽ സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

27/10/22

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | നം. വ്യവ-എച്ച്2/257/2021-വ്യവ |
| 2 | വകുപ്പ് | വ്യവസായ (എച്ച്) വകുപ്പ് |
| 3 | വിഷയം | വ്യവസായ വകുപ്പ് - കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണത്തിന് 01.01.2018 മുതൽ സാമ്പത്തിക ആനുകൂല്യം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 05.09.2022 Note 54 WF |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | ഉണ്ട്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.എം.എ.റജീന ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 18.10.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/10/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

05.10.2020 ലെ സ.ഉ(കൈ) നം.84/2020/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണത്തിന്റെ സാമ്പത്തിക ആനുകൂല്യത്തിന് മുൻകാല പ്രാബല്യം നൽകി പരിഷ്കരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 05.10.2020-ലെ സ.ഉ(കൈ) നം.84/2020/വ്യവ പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാർക്ക് അനുവദിച്ച ശമ്പളപരിഷ്കരണത്തിന് ഉത്തരവ് തീയതിയായ 05.10.2020 മുതലാണ് പ്രാബല്യം അനുവദിച്ചിരുന്നത്. 2016 ഏപ്രിൽ 1 മുതൽ ഓഫീസർമാരുടെ പേ റിവഷൻ കുടിശ്ശികയായിരുന്നുവെന്നും കമ്പനി പ്രവർത്തന ലാഭം കൈവരിച്ച 2018 ജനുവരി 1 മുതൽ ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യത്തിലുള്ള തീയതി പരിഷ്കരിക്കണമെന്നും മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

3. ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി

*"പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഇളവ് വരുത്തിക്കൊണ്ടാണ് 05.10.2020 ലെ സ.ഉ(കൈ) നം.84/2020/വ്യവ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളതിനാൽ നിലവിലെ ആവശ്യം പരിഗണനാർഹമല്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു".*

4. ഇത് സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

*"The Administrative Department is informed that this Department has no objection in allowing pay revision benefits to the Officer category employees of the Kerala Ceramics Limited with effect from the year when the Company started making operating profits. As per the data furnished by the Company for preparation of BPE Review Report for the financial year 2020-21, based on audited financial statements, the Turnover and Production of the Company shows an increase of Rs.3.02 Cr. and 374 MT respectively compared to previous year despite the adverse impact in their operations due to Covid-19. Though the Company is continuously reporting net losses, it could achieve operating profits continuously from FY 2018-19. The pay revision to Officers is due with effect from 01/04/2016. The number of permanent employees in Officer category is 8 only. The Statutory Audit of the Company is up to*

*date up to FY 2020-21. The Company has reported an operating profit of Rs.49.80 lakhs in FY 2020-21. The Company is reporting net losses due to high incidence of Finance Cost (Rs.7.74 Cr., of which Rs.7.52 Cr. is interest on Govt. loans- FY 2020-21) & Depreciation (Rs.2.27 Cr. in FY 2020-21). The Company is also reported to be having enough orders at hand. In view of the above, the AD may consider allowing pay revision benefits to the Officer category employees of the Kerala Ceramics Limited with effect from the year FY 2018-19 i.e. from 1 st April 2018, subject to approval of the Finance Department. The additional financial commitment towards granting pay revision benefits retrospectively is not seen indicated in the notes".*

5. കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണത്തിന് 01.01.2018 മുതൽ മുൻകാല പ്രാബല്യം അനുവദിക്കുകയാണെങ്കിൽ ഉണ്ടാകുന്ന ആകെ സാമ്പത്തിക ബാധ്യത ഏകദേശം 77.72 ലക്ഷം രൂപയാണെന്ന് കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. തുടർന്ന് ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി

*"24.10.1994 ലെ G.O.(Ms) No.17/94/Plg നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ശമ്പളപരിഷ്കരണ ശിപാർശ സമർപ്പിക്കുന്നതിന് മുമ്പുള്ള തുടർച്ചയായ രണ്ട് വർഷം KCL ലാഭത്തിൽ അല്ലാത്തതിനാൽ മേല്പറഞ്ഞ ശമ്പളപരിഷ്കരണത്തെ Planning (BPE) Department എതിർത്തിരുന്നു. തുടർന്ന് ബഹു. ധനകാര്യമന്ത്രിയുടെ ഉത്തരവുപ്രകാരം ശമ്പളപരിഷ്കരണത്തിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉത്തരവു തീയതി മുതൽ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ എന്ന നിബന്ധനയ്ക്ക് വിധേയമായി 01.04.2011 മുതൽ പ്രാബല്യത്തിൽ കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാരുടെ ശമ്പളപരിഷ്കരണത്തിന് ധനവകുപ്പ് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 05.10.2020 ലെ ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ പ്ലാനിംഗ് ആൻഡ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്മെന്റ് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡ് എന്ന സ്ഥാപനം 2018-19, 2019-2020 & 2020-21 വരെയുള്ള കാലഘട്ടങ്ങളിൽ യഥാക്രമം 4.08 കോടി, 6.77 കോടി, 9.63 കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ 01.01.2018 മുതൽ മുൻകാല പ്രാബല്യം അനുവദിക്കുകയാണെങ്കിൽ ആയത് സ്ഥാപനത്തിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കും. ഈ സ്ഥാപനത്തിന്റെ നഷ്ടം വീണ്ടും*

*വർദ്ധിക്കുന്നതിനും ഇടയാക്കും. ആയതിനാൽ ഈ വിഷയത്തിലുള്ള ധനകാര്യവകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ചുനിൽക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു."*

7. കേരള സിറാമിക്സ് ലിമിറ്റഡിലെ വർക്കർ വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം (2011-16) പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ 2011 മുതൽ അനുവദിച്ചിരുന്നു. എന്നാൽ ഓഫീസർ വിഭാഗത്തിലെ ജീവനക്കാർക്ക് അത്തരം ആനുകൂല്യങ്ങൾ അനുവദിച്ചത് ഉത്തരവ് തീയതിയായ 05.10.2020 പ്രാബല്യത്തിലാണ്. ഇതുമൂലം ഓഫീസർ വിഭാഗത്തിലെ ജീവനക്കാർക്ക് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ട് കമ്പനി പ്രവർത്തന ലാഭം കൈവരിച്ച 01.01.2018 മുതൽ ശമ്പള പരിഷ്കരണത്തിന് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കാൻ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ധനവകുപ്പ് ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തി. ~~രണ്ട് വ്യത്യസ്ത തീയതികളിലായി~~ ഒരേ കമ്പനിയിലെ രണ്ട് വിഭാഗം ജീവനക്കാർക്ക് വ്യത്യസ്ത തീയതികളിലായി സാമ്പത്തിക ആനുകൂല്യം അനുവദിച്ചത് പരിഹരിക്കപ്പെടേണ്ടതുണ്ട്. നിലവിൽ കേരള സിറാമിക്സ് ലിമിറ്റഡിൽ ഓഫീസർ വിഭാഗത്തിൽ 8 ജീവനക്കാരാണുള്ളത്. വളരെ പരിമിതമായ വിഭവശേഷി ഉപയോഗിച്ചാണ് കമ്പനി പ്രവർത്തിക്കുന്നത്. 2018 ജനുവരി മുതൽ കമ്പനി പ്രവർത്തന ലാഭത്തിലാണ്. എന്നാൽ മുൻ വർഷങ്ങളിലെ നഷ്ടവുമായി ചേർക്കുമ്പോഴാണ് 2018-19, 2019-20, 2020-21 വർഷങ്ങളിൽ കമ്പനി സഞ്ചിത നഷ്ടത്തിലാകുവാൻ കാരണം. മേൽ സാഹചര്യത്തിൽ, 05.10.2020 ലെ സ.ഉ(കൈ) നം.84/2020/വ്യവ സർക്കാർ ഉത്തരവ് പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാർക്ക് അനുവദിച്ച ശമ്പള പരിഷ്കരണത്തിന്റെ സാമ്പത്തിക ആനുകൂല്യത്തിന് 01.01.2018 മുതൽ പ്രാബല്യം നൽകുന്ന കാര്യം പരിഗണിക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി.

8. പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് യോജിപ്പ് രേഖപ്പെടുത്തിയ പ്രകാരവും ധനകാര്യ വകുപ്പിന്റെ വിയോജിപ്പ് മറികടന്ന് കൊണ്ടും, 05.10.2020-ലെ സ.ഉ(കൈ) നം.84/2020/വ്യവ നമ്പർ ഉത്തരവ് പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാർക്ക് ഉത്തരവ് തീയതി പ്രാബല്യത്തിൽ അനുവദിച്ച ശമ്പള പരിഷ്കരണത്തിന്റെ സാമ്പത്തിക ആനുകൂല്യത്തിന് 01.01.2018 മുതൽ മുൻകാല പ്രാബല്യം നൽകി മേൽ ഉത്തരവ് പരിഷ്കരിക്കാമോ?

File No.IND-H2/77/2019-IND

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ് - കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (എച്ച്) വകുപ്പ്

സ.ഉ.(കൈ)നം.84/2020/വ്യവ

തീയതി, തിരുവനന്തപുരം, 05/10/2020

പരാമർശം:- 1. കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 04/04/2019 - ലെ എംഡിഎ/എസ്റ്റാ./33/19-20 നമ്പർ കത്ത്.

2. 19.06.2020 ലെ പബ്ലിക് എന്റർപ്രൈസസ് ബോർഡ് യോഗതീരുമാനം

3. 25.03.2006 ലെ സ.ഉ(പി).നം.145/2006/ധന നമ്പർ ഉത്തരവ്

## ഉത്തരവ്

കേരള സിറാമിക്സ് ലിമിറ്റഡ് കമ്പനിയിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണത്തിന്റെ കാലാവധി 31.03.2011-ൽ അവസാനിച്ചിരുന്നു എന്നും ആയതിനാൽ 01.04.2011 മുതൽ 5 വർഷത്തേയ്ക്ക് പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്നും ആയതിനാവശ്യമായ സാമ്പത്തിക ബാദ്ധ്യത കമ്പനിയുടെ തനത് വരുമാനത്തിൽ നിന്നും കണ്ടെത്തുന്നതാണെന്നും പരാമർശം 1 ലെ കത്തു പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. 20.03.2018 ൽ കൂടിയ കമ്പനി ഡയറക്ടർ ബോർഡിന്റെ 253-ാമത് യോഗം സർക്കാർ അനുമതിക്ക് വിധേയമായി ശമ്പള പരിഷ്കരണം നടത്തുന്നതിന് അനുമതി നൽകിയിരുന്നു 19.06.2020 ന് കൂടിയ പബ്ലിക് എന്റർപ്രൈസസ് ബോർഡ് യോഗം പരാമർശം 2 പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡ് കമ്പനിയിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകുകയുമുണ്ടായി

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള സിറാമിക്സ് ലിമിറ്റഡ് കമ്പനിയിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണം പരാമർശം 3 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 01/04/2011 മുതൽ മാത്രമേ പ്രാബല്യം ഉണ്ടാവുകയുള്ളൂ എന്നും ശമ്പളപരിഷ്കരണത്തിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉത്തരവുതീയതി മുതൽ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ എന്നും ഉള്ള വ്യവസ്ഥയിൽ ചുവടെ ചേർക്കും പ്രകാരം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ശമ്പള സ്കെയിൽ

| കാറ്റഗറി | നിലവിലുള്ള ശമ്പള സ്കെയിൽ | പുതുക്കിയ ശമ്പള സ്കെയിൽ |
|---|---|---|
| ജൂനിയർ ഓഫീസർ | 5500-150-6100-175-9075 | 9190-200-9590-240-10790-280-11910-340-13610-380-15510 |
| അസിസ്റ്റന്റ് മാനേജർ | 7200-200-7800-225-11400 | 11910-340-13610-380-16650-450-19350 |
| ഡെപ്യൂട്ടി മാനേജർ | 8250-250-9250-275-13650 | 13610-380-16650-450-20700 |
| മാനേജർ | 12600-375-15600 | 20700-500-23200-550-25400-600-26600 |
| ജനറൽ മാനേജർ / മാനേജർ (ഹയർ ഗ്രേഡ്) | 14300-400-18300 | 25400-600-26600-650-33100 |

a.മേൽ ശമ്പള പരിഷ്കരണം 01/04/2011 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. ശമ്പളപരിഷ്കരണത്തിന്റെ സാമ്പത്തിക
ആനുകൂല്യങ്ങൾക്ക് ഉത്തരവുതീയതി മുതൽ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ
b. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ സർവ്വീസ് വെയിറ്റേജ് ഒഴികെയുള്ള വിഷയങ്ങളിൽ 25.03.2006 ലെ സ.
ഉ (പി). നം .145/2006/ ധന നമ്പർ ഉത്തരവിന്റെ അനക്സർ II - ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
സർവ്വീസ് വെയിറ്റേജിന് KCL - ലെ റഗുലർ സർവ്വീസ് മാത്രമേ പരിഗണിക്കുകയുള്ളൂ
c. വീട്ടുവാടക ബത്ത 25.03.2006 ലെ സ. ഉ (പി). നം. 145/2006/ ധന നമ്പർ ഉത്തരവിന്റെ ഖണ്ഡിക 14(I)- ലെ
വ്യവസ്ഥകൾക്കനുസരിച്ച് അനുവദിക്കാവുന്നതാണ്
d. സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 25.03.2006 ലെ സ. ഉ (പി). നം. 145/2006/ ധന നമ്പർ
ഉത്തരവിന്റെ ഖണ്ഡിക അനക്സർ III- ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്
e. റേഷ്യോ പ്രൊമോഷൻ/അപ് ഗ്രഡേഷൻ/തസ്തിക പുനർ നാമകരണം ഇടങ്ങിയവ സർക്കാരിന്റെ മുൻകൂർ
അനുമതിയില്ലാതെ നടപ്പിലാക്കാൻ പാടില്ല
f. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ (ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ
എന്നിവയുൾപ്പെടെ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരു ഭേദഗതിയും വരുത്തുവാൻ പാട്ടുള്ളതല്ല
g. ശമ്പള പരിഷ്കരണത്തിനുവേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത KCL ന്റെ ഫണ്ടിൽ നിന്ന്
നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ യാതൊരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല
h. 22.10.2001 ലെ സ.ഉ(പി).നം.1208/2001/ധന ഉത്തരവ് പ്രകാരം ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന
തസ്തികകൾ നിർത്തലാക്കേണ്ടതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.പി.എം. മുഹമ്മദ് ഹനീഷ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സിറാമിക്സ് ലിമിറ്റഡ്, കുണ്ടറ, കൊല്ലം.
സെക്രട്ടറി, റിയാബ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ)/(ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ് . സി) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (PLGEA-BPE1/157/2018-PLGEA, തീയതി . 30.06.2020)
ധനകാര്യ വകുപ്പ് (179028/PU-D2/19/2016-FIN, തീയതി 12/03/2020 )
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

# GOVERNMENT OF KERALA
## (SHRI.PINARAYI VIJAYAN MINISTRY)
## DRAFT NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | No.IND-H2/257/2021-IND |
| 2 | Department | : | Industries (H) Department |
| 3 | Subject | : | Industries Department – Pay Revision to Officers of the Kerala Ceramics Ltd - Sanctioning of monetory benefits w.e.f. 01.01.2018 - reg |
| 4 | Date of Chief Minister's order for placing before the Council. | : | 05.09.2022 Note 54 |
| 5 | (i) Does the case involve financial commitments/implications | : | Yes. |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes. |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | Yes, Planning & Economic Affairs Department. Yes |
| 7 | Name of Additional Secretary who submitted the Draft Note. | : | Smt.M.A.Rajeena Beegum |
| 8 | Name of Principal Secretary who approved the Draft Note. | : | Sri. A P M Mohammed Hanish |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 18.10.2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr.V.P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | | 20/10/2022 |
| 12 | Name of Minister who approved the Draft Note | : | Sri.P.Rajeeve |
| 13 | Date of approval of the Draft Note for the Council by the Minister | : | |
| 14 | Date of submission of fair copies. | : | |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision. | | |

## DRAFT NOTE FOR THE COUNCIL OF MINISTERS

This note deals with the modification of date of effect of monetary benefit in connection with the Pay Revision sanctioned to the Officers of Kerala Ceramics Limited, vide G.O(Ms) No.84/2020/ID dated 05.10.2020.

2. As per G.O(Ms) No.84/2020/ID dated 05.10.2020, pay revision to the Officers of Kerala Ceramics Ltd has been sanctioned and the date of effect of the pay revision is w.e.f. 05.10.2020. The Managing Director has reported that the pay revision of the officers was due w.e.f. from April 1, 2016 and he requested Government to modify the date of effect of pay revision w.e.f January 1, 2018, since the Company attained operational profit.

3. When the file was forwarded to Finance Department, that Department has remarked as follows:

പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഇളവു വരുത്തിക്കൊണ്ടാണ് 05.10.2020 ലെ സ.ഉ(കൈ) നം.84/2020/വ്യവ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുള്ളതിനാൽ നിലവിലെ ആവശ്യം പരിഗണനാർഹമല്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

4. When the file was forwarded to Planning & Economic Affairs Department that Department has remarked as follows:

*"The Administrative Department is informed that this Department has no objection in allowing pay revision benefits to the Officer category employees of the Kerala Ceramics Limited with effect from the year when the Company started making operating profits. As per the data furnished by the Company for preparation of BPE Review Report for the financial year 2020-21, based on audited financial statements, the Turnover and Production of the Company shows an increase of Rs.3.02 Cr. and 374 MT respectively compared to previous year despite the adverse impact in their operations due to Covid-19. Though the Company is continuously reporting net losses, it could achieve operating profits continuously from FY 2018-19. The pay revision to Officers is due with effect from 01/04/2016. The number of permanent employees in Officer category is 8 only. The Statutory Audit of the Company is up to date up to FY 2020-21. The Company has reported an operating profit of Rs.49.80 lakhs in FY 2020-21. The Company is reporting net losses due to high incidence of*

*Finance Cost (Rs.7.74 Cr., of which Rs.7.52 Cr. is interest on Govt. loans- FY 2020-21) & Depreciation (Rs.2.27 Cr. in FY 2020-21). The Company is also reported to be having enough orders at hand. In view of the above, the AD may consider allowing pay revision benefits to the Officer category employees of the Kerala Ceramics Limited with effect from the year FY 2018-19 i.e. from 1 st April 2018, subject to approval of the Finance Department. The additional financial commitment towards granting pay revision benefits retrospectively is not seen indicated in the notes".*

5. The Managing Director of Kerala Ceramics Limited has reported that the total financial commitment on sanctioning the benefits of pay revision w.e.f. 01.01.2018 is estimated as Rs.77.72 Lakhs.

6. When the file was again forwarded to Finance Department, that Department has remarked as follows:

*"24.10.1994 ലെ G.O.(Ms) No.17/94/Plg നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ശമ്പളപരിഷ്കരണ ശിപാർശ സമർപ്പിക്കുന്നതിന് മുമ്പുള്ള തുടർച്ചയായ രണ്ട് വർഷം KCL ലാഭത്തിൽ അല്ലാത്തതിനാൽ മേല്പറഞ്ഞ ശമ്പളപരിഷ്കരണത്തെ Planning (BPE) Department എതിർത്തിരുന്നു. തുടർന്ന് ബഹു. ധനകാര്യമന്ത്രിയുടെ ഉത്തരവുപ്രകാരം ശമ്പളപരിഷ്കരണത്തിന്റെ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉത്തരവു തീയതി മുതൽ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ എന്ന നിബന്ധനയ്ക്ക് വിധേയമായി 01.04.2011 മുതൽ പ്രാബല്യത്തിൽ കേരള സിറാമിക്സ് ലിമിറ്റഡിലെ ഓഫീസർമാരുടെ ശമ്പളപരിഷ്കരണത്തിന് ധനവകുപ്പ് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് 05.10.2020 ലെ ശമ്പളപരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ പ്ലാനിംഗ് ആൻഡ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് പ്രകാരം കേരള സിറാമിക്സ് ലിമിറ്റഡ് എന്ന സ്ഥാപനം 2018-19, 2019-2020 & 2020-21 വരെയുള്ള കാലഘട്ടങ്ങളിൽ യഥാക്രമം 4.08 കോടി, 6.77 കോടി, 9.63 കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ 01.01.2018 മുതൽ മുൻകാല പ്രാബല്യം അനുവദിക്കുകയാണെങ്കിൽ ആയത് സ്ഥാപനത്തിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കും. ഈ സ്ഥാപനത്തിന്റെ നഷ്ടം വീണ്ടും വർദ്ധിക്കുന്നതിനും ഇടയാക്കും. ആയതിനാൽ ഈ വിഷയത്തിലുള്ള ധനകാര്യവകുപ്പിന്റെ മുൻ നിലപാടിൽ ഉറച്ചുനിൽക്കുന്നതായി ഭരണവകുപ്പിനെ അറിയിക്കുന്നു.".*

7. Monetory benefits on Pay Revision (2011-16) to the employees of worker category in Kerala Ceramics Ltd was sanctioned retrospectively w.e.f. 2011. But such benefits to the employees in Officer category has been sanctioned only w.e.f. from the

date of order ie, 05.10.2020. Due to this, the employees in Officer category suffered financial loss. The Planning & Economic Affairs Department has recommended to sanction monetory benefits on pay revision to the Officers of the Kerala Ceramics Ltd from 01.01.2018, since the Company attained operational profit. But the Finance Department disagreed to this. The issue on sanctioning monetary benefit to the Workers & Officers in the Company on different dates have to be resolved. Presently there are 8 employees in Officer category in Kerala Ceramics Ltd. The Company functions with limited man power resources. The Company has been in operational profit since January, 2018. But due to the losses sustained during previous years, the Company was in net loss in the years 2018-19, 2019-20 and 2020-21. In the circumstances, file has been circulated to the Hon'ble Chief Minister for orders whether the monetary benefits of Pay Revision sanctioned to the Officers of Kerala Ceramics Ltd, as per G.O(Ms) No.84/2020/ID may be considered with retrospective effect from 01.01.2018.

8. The Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point for decision**

Whether the monetary benefits of Pay Revision sanctioned to the Officers of the Kerala Ceramics Ltd w.e.f. the date of order vide G.O(Ms) No.84/2020/ID dated 05.10.2020 may be modified and to sanction with retrospective effect from 01.01.2018 as agreed by Planning & Economic Affairs Department and by overruling the remarks of Finance Department?

12/10/22
12/10/22
14/10/22
14/10/22
18/10/22
20/10/22
21/10/22.